REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 15-11-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ജൻജാതിയ ഗൗരവ് ദിവസ് അനുസ്മരണത്തിനും ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിലെ ജമുയി-ൽ തുടക്കം കുറിച്ചു.**
- **ധർത്തി ആഭാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ സംസ്ഥാനതല ഉദ്ഘാടനവും പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു..**
- **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ആലപ്പുഴയിൽ ഇന്ന് തുടക്കമാകും.**
- **മണ്ഡല മകരവിളക്ക് മഹോത്സവത്തിന് ശബരിമലയിൽ വൈകിട്ട് നട തുറക്കും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെയും അവസാനത്തെയും മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

**പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനമായ ഇന്ന് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു.**

**ജൻജാതിയ ഗൗരവ് ദിവസ് അനുസ്മരണത്തിനും ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷങ്ങളും പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിലെ ജമുയി-ൽ ഉദ്ഘാടനം ചെയ്തു. ഭഗവാൻ**

ബിർസ മുണ്ടയുടെ സ്മരണാർത്ഥം പുറത്തിറക്കിയ നാണയവും തപാൽ സ്റ്റാമ്പും അദ്ദേഹം പ്രകാശനം ചെയ്തു. ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ ആദിവാസി സമൂഹങ്ങളുടെ വികസനത്തിനായി ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നരേന്ദ്രമോദി നിർവഹിച്ചു.

പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാന് കീഴിൽ നിർമ്മിച്ച 11,000 ആവാസുകളുടെ ഗൃഹപ്രവേശത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. 25ലധികം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ തറക്കല്ലിടലും മോദി നിർവഹിക്കും.

✪✪✪

ധർത്തി ആഭാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ സംസ്ഥാനതല ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇടുക്കി കുമളി മന്നാൻ നഗർ സാംസ്കാരിക നിലയത്തിൽ ഓൺലൈനായി നിർവഹിച്ചു. കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയായിരുന്നു. ആദിവാസി വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റുന്ന ഊർജ്ജിത ശ്രമമാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിത പ്രദേശങ്ങൾക്കു തുല്യമായി ഉയർത്തണം. സ്കൂൾ, വൈദ്യുതി, റോഡ്, വീട്, വരുമാനം തുടങ്ങി എല്ലാ കാര്യങ്ങളിലും ഈ വികസനം ഉറപ്പാക്കുമെന്ന് ജോർജ് കുര്യൻ പറഞ്ഞു.

കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്. പദ്ധതിയിലേക്ക് 89 പട്ടിക വർഗ ഗ്രാമങ്ങൾ കേരളത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുണ്ട്.

✪✪✪

രാജ്യത്തിന്റെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലെ വീരനായകനാണ് ഭഗ്-വാൻ ബിർസാമുണ്ടയെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ അഭിപ്രായപ്പെട്ടു. ജൻജാതീയ ഗൗരവ് ദിവസ് ആഘോഷത്തോട് ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ബിർസാമുണ്ടയുടെ പ്രതിമ അനാവരണം ചെയ്യുകയായിരുന്നു അദ്ദേഹം. വളരെ ചെറിയ പ്രായത്തിൽ തന്നെ സ്വന്തം ജീവിതം രാഷ്ട്രത്തിനും ഗോത്രവർഗ്ഗങ്ങളുടെ ഉന്നമനത്തിനും സമർപ്പിച്ച മഹാനായിരുന്നു അദ്ദേഹമെന്നും അമിത്ഷാ അനുസ്മരിച്ചു.

✪✪✪

ഇന്ന് ഗുരുനാനാക്ക് ജയന്തി. സിഖ് മതത്തിന് അടിത്തറ പാകിയ ആദ്യ സിഖ് ഗുരു, ഗുരു നാനാക്ക് ദേവിന്റെ ജന്മദിനം ഗുരുപുരാബ് എന്ന പേരിലും ഇന്ത്യയിലും ലോകത്തെല്ലായിടത്തും ഇന്ന് മതപരമായ ആവേശത്തോടെ ആഘോഷിക്കുന്നു.

ഗുരു നാനാക്കിന്റെ പ്രകാശ് പർവ് ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ജനങ്ങൾക്ക് ആശംസ നേർന്നു. ഗുരു നാനാക്ക് സ്നേഹം, വിശ്വാസം, സത്യം, ത്യാഗം എന്നിവ ഊന്നിപ്പറയുന്നുവെന്നും അദ്ദേഹത്തിന്റെ അധ്യാപനം ആളുകളെ ധാർമ്മികതയിലേക്ക് നയിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

ഗുരുനാനാക്ക് ജയന്തിദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഗുരുനാനാക്ക് ദേവന്റെ ഉദ്ബോധനങ്ങൾ അനുകമ്പയുടെയും ദയയുടെയും വിനയത്തിന്റെയും ചൈതന്യത്തോടെ സമൂഹത്തെ സേവിക്കാൻ എല്ലാവരെയും പ്രേരിപ്പിക്കട്ടെയെന്നും അദ്ദേഹം സാമൂഹിക മാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

ഝാർഖണ്ഡ് സംസ്ഥാന രൂപീകരണദിനത്തിൽ ദിനത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. ബിർസാമുണ്ടയുടേതടക്കം വീരനായകരുടെ ജന്മം കൊണ്ട് ശ്രേഷ്ഠത കൈവരിച്ച സംസ്ഥാനമാണ് ഝാർഖണ്ഡെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

സമൃദ്ധമായ പ്രകൃതിവിഭവങ്ങളാലും വൈവിധ്യമാർന്ന വന്യജീവികളാലും സാംസ്കാരിക വസ്തുക്കളാലും അനുഗൃഹീതമായ ഝാർഖണ്ഡ് ഇന്ത്യയുടെ വളർച്ചയിൽ നിർണായക സംഭാവന നൽകിയ സംസ്ഥാനമാണെന്ന് ജഗദീപ് ധൻകർ പറഞ്ഞു.

ഗോത്ര സമൂഹത്തിന്റെ പോരാട്ടവും ത്യാഗവും കൊണ്ട് രാജ്യത്തിന് എന്നും അഭിമാനം നൽകുന്ന ഝാർഖണ്ഡ് അതിവേഗം പുരോഗമിക്കട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക് കടന്നു. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം

പുരോഗമിക്കുന്നത്. UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് വെസ്റ്റിൽ പ്രചാരണം ആരംഭിച്ചു.

LDF സ്ഥാനാർഥി ഡോ. P സരിൻ ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങൾ സ്വീകരിക്കും.

NDA സ്ഥാനാർഥി C. കൃഷ്ണകുമാർ ഇന്ന് വിധ്യുത് നഗറിൽ നിന്ന് പ്രചാരണം ആരംഭിച്ചു. സ്ഥാനാർത്ഥിയുടെ കുടുംബ യോഗങ്ങളിലും പൊതുപരിപാടികളിലും BJP സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ എക്സ്പോയും വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യും. മേളയുടെ രജിസ്ട്രേഷൻ രാവിലെ ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി R.രവികുമാർ...

........വോയ്സ്......

✪✪✪

റേഷൻ കാർഡുകളിലെ തെറ്റു തിരുത്താൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്ന സിവിൽ സപ്ലൈസ് വകുപ്പിന്റെ തെളിമ 2024 പദ്ധതി മന്ത്രി G.R അനിൽ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഇന്നുമുതൽ ഡിസംബർ 15 വരെ റേഷൻ കടകളിലെ പ്രത്യേക പെട്ടികളിൽ റേഷൻ കാർഡ് ഉടമകൾക്ക് അപേക്ഷ സമർപ്പിക്കാം.

✪✪✪

മണ്ഡല മകരവിളക്ക് മഹോത്സവ കാലത്തിനു തുടക്കംകുറിച്ച് ശബരിമല നട ഇന്നു വൈകിട്ട് നാലിനു തുറക്കും. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്നു നടക്കും. ജനുവരി 14-നാണ് മകരവിളക്ക്.

ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധറിന്റെ റിപ്പോർട്ടിലേക്ക്.

.....(വോയ്സ്)..................

✪✪✪

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടന കാലത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചു. തീർഥാടകർക്കായി പമ്പ മുതൽ സന്നിധാനം വരെ എട്ടു സംഭരണികളിലായി ഏകദേശം 68 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നുണ്ട്. താൽക്കാലിക ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

ശബരിമലയിൽ മണിക്കൂറിൽ 35,000 ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുമെന്നും അതോറിറ്റി വ്യക്തമാക്കി.

✪✪✪

പ്രമുഖ തീർത്ഥാടന കേന്ദ്രമായ ആലപ്പുഴ ചക്കുളത്തുകാവ് പൊങ്കാല ഡിസംബർ 13 ന് നടത്തുമെന്ന് ഭാരവാഹികൾ കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പൊങ്കാലയുടെ വരവറിയിച്ച് പ്രധാന ചടങ്ങായ കാർത്തിക സ്തംഭം ഡിസംബർ എട്ടിന് ഉയരും.

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും, സഹധർമ്മിണിയും ചേർന്ന് പൊങ്കാല ഉദ്ഘാടനം ചെയ്യും. സാംസ്കാരിക സമ്മേളനം വൈകിട്ട് മന്ത്രി KB ഗണേഷ്കുമാർ ഉദ്ഘാടനം ചെയ്യും. മാവേലിക്കര MP കൊടിക്കുന്നിൽ സുരേഷ് മുഖ്യാതിഥിയായിരിക്കും. ബംഗാൾ ഗവർണ്ണർ ഡോ.CV ആനന്ദബോസ് IAS കാർത്തിക സ്തംഭത്തിൽ അഗ്നി പ്രോജ്വലിപ്പിക്കുന്ന ചടങ്ങുകളും നിർവഹിക്കും.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിലെ ദേവരഥ സംഗമം വൈകീട്ട് നടക്കും. രാവിലെ പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിൽ രഥപ്രയാണം രാവിലെ ആരംഭിച്ചു.

കൂടുതൽ വിവരങ്ങളുമായി പാലക്കാട് ജിലാ പ്രതിനിധി ഫൈസൽ അലി മുത്ത്.......

........(VOICE).............

✪✪✪

**ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. ജോഹന്നസ് ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30നാണു മത്സരം.**

**നാല് മത്സരപരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്.**

✪✪✪

**കാസർകോട് നീലേശ്വരത്ത് വെടിക്കെട്ട് അപകടത്തിൽ മാരകമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു.**

**ആകാശവാണി ജില്ലാപ്രതിനിധി P ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്.**

**.....(വോയ്സ്)..............**

✪✪✪

**കണ്ണൂർ കേളകത്തിന് സമീപം നാടകസംഘം സഞ്ചരിച്ച ബസ് മറിഞ്ഞ് രണ്ടുപേർ മരിച്ചു. നാടക കലാകാരികളായ മുതുകുളം സ്വദേശി അഞ്ജലി, കരുനാഗപ്പള്ളി തേവലക്കര സ്വദേശി ജെസ്സി മോഹൻ എന്നിവരാണ് മരിച്ചത്. കേളകം മലയാംപടി റോഡ് S വളവിൽ ഇന്ന് പുലർച്ചെയായിരുന്നു അപകടം.**

✪✪✪

**സ്വർണ്ണവില ഇന്ന് നേരിയ തോതിൽ വർദ്ധിച്ചു. പവന് 80 രൂപ കൂടി 55,560 രൂപയായി. ഗ്രാമിന് 6,945 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.**

✪✪✪